<u>"ഭരണഭാഷ – മാതൃഭാഷ"</u>

## <u>പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

വിഷയം: പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – സീനിയോരിറ്റി പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഈ ആഫീസിലെ 17.10.2013 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 17.10.2013 തീയതിയിലെ എസ്1–22522/13 നമ്പർ കത്ത്.
3. ഈ ഓഫീസിലെ 17.10.2013 തീയതിയിലെ എസ്1–22456/13 നമ്പർ കത്ത്.

***<u>ഉത്തരവ് നമ്പർ എസ്1–16743/13 തീയതി :29..10.2013</u>***

പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി (ഗ്രാമ പഞ്ചായത്ത്) എന്നീ തസ്തികകളിലെ കരട് സീനിയോരിറ്റി പട്ടിക സൂചന (1),(2),(3) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിൻമേലുളള ആക്ഷേപങ്ങൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആക്ഷേപങ്ങളും അവകാശവാദങ്ങളും സമർപ്പിക്കേണ്ട കാലയളവ് ദീർഘിപ്പിക്കണമെന്ന അപേക്ഷ പരിഗണിച്ച്, ആക്ഷേപങ്ങൾ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി **<u>08.11.2013</u>** വരെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് വ്യക്തമായ ശുപാർശ സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി 13.11.2013 വരെയും ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**മിത്ര. റ്റി ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ്:
1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. എല്ലാ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാർക്കും
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്.

പി/